എം. ഡി. കോഴ്സിന് പ്രവേശനം

*699 [762] ശ്രീ. വക്കം പുരുഷോത്തമൻ:

,, ഇ. നാരായണൻനായർ:

,, കെ. രാഘവൻ മാസ്റ്റർ:

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) എം. ഡി. കോഴ്സിലേക്കുള്ള പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുവാൻ പ്രത്യേക നടപടിക്രമങ്ങൾ വല്ലതുമുണ്ടോ;

(ബി) അപേക്ഷകൾ ക്ഷണിക്കാറുള്ളത് എപ്പോഴാണ്;

(സി) ഈ വർഷം അപേക്ഷകൾ ക്ഷണിച്ചുവോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ഉണ്ട്. അതു സംബന്ധിച്ച പ്രോസ്പെക്ടസ് ഗവൺമെൻറ് അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നു. അതനുസരിച്ച് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ ഏതാനും പത്രങ്ങളിൽ പ്രസിദ്ധീകരിക്കാറുമുണ്ട്.

(ബി, സി, ഡി) സാധാരണയായി നവംബർ, ഡിസംബർ മാസങ്ങളിലാണ് അപേക്ഷകൾ ക്ഷണിക്കാറുള്ളത്. എന്നാൽ ഈ വർഷം ഫെബ്രുവരി മാസത്തിലാണ് അപേക്ഷകൾ ക്ഷണിച്ചത്. ഈ കൊല്ലം പുതുതായി ആരംഭിക്കുന്ന ഡി. ഫാ. സി. ഡി., എം. ഡി. (മൈക്രോ ബയോളജി) കോഴ്സുകൾക്ക് കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് അംഗീകാരം തേടേണ്ടിവന്നതുകൊണ്ടാണ് ഫെബ്രുവരിയിലായത്.

ശ്രീ. ഇ. നാരായണൻനായർ: എം. ഡി. കോഴ്സിന് ഡോക്ടർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? സംവരണതത്വം പാലിക്കാറുണ്ടോ; അതോ മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമാണോ ഇവരെ തിരഞ്ഞെടുക്കുന്നത്?

ശ്രീ. കെ. പി. പ്രഭാകരൻ: എം. ഡി. കോഴ്സിന് മെരിറ്റടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്.

ശ്രീ. ഇ. നാരായണൻനായർ: പ്രൈവറ്റ് ആയി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർക്ക് ഒരു കോട്ട അനുവദിക്കപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അനുവദിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: പ്രൈവറ്റ് പ്രാക്ടീസുകാർക്ക് സ്പെഷ്യൽ കോട്ട ഇല്ല.

ശ്രീ. പി. ആർ. കുറുപ്പ്: ആരാണ് ഇതിന്റെ സെലക്ഷൻ അതോറിറ്റി എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ഒരു സെലക്ഷൻ കമ്മിറ്റി ഉണ്ട്. ഇന്ന് എം. ബി. ബി. എസ്. -ന് സെലക്ട് ചെയ്യുന്നതുപോലെതന്നെ ഗവൺമെന്റ് നിശ്ചയിക്കുന്ന പ്രോസ്പെക്ടസ് അനുസരിച്ച് ആപ്ലിക്കേഷൻസ് ക്ഷണിച്ച് മെരിറ്റടിസ്ഥാനത്തിൽ സെലക്ട് ചെയ്യുകയാണ്.

ഡോക്ടർ ജോർജ് മാത്യു: എം. ഡി. കോഴ്സിന് ഗ്രാമങ്ങളിൽ സേവനം ചെയ്യുന്ന ഡോക്ടർമാർക്ക് സംവരണം ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെതന്നെ പ്രൈവറ്റ് മേഖലകളിൽ ഗ്രാമങ്ങളിൽ സേവനം ചെയ്യുന്നവർക്ക് ഒരു പെർസെന്റേജ് ഈ എം. ഡി; എം. എസ്. കോഴ്സിന് കൊടുക്കണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അങ്ങനെയുള്ള കാര്യങ്ങൾ പരിഗണിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: നിവേദനം ലഭിച്ചിട്ടുണ്ടോ എന്നുള്ളത് വ്യക്തമായി ഇപ്പോൾ ഓർക്കുന്നില്ല. ഏതായാലും ഇപ്പോൾ അത് പരിഗണിക്കാൻ പോകുന്നില്ല. ഗവൺമെന്റ് സർവ്വീസിലുള്ളവർ റൂറൽ ഏരിയായിൽ പോയി ജോലി ചെയ്യുന്നു എന്നുള്ള നിലയ്ക്ക് അവർക്കൊരു ഇൻസെന്റീവ് എന്നുള്ള നിലയ്ക്കാണ് വെയിറേജ് കൊടുത്തിട്ടുള്ളത്.

ശ്രീ. പി. സി. ജോസഫ്: ഗ്രാമങ്ങളിൽതന്നെ ഡോക്ടർമാർ സേവനം ചെയ്യാൻ ഇഷ്ടപ്പെടാത്ത പ്രദേശങ്ങളുണ്ട്, ആദിവാസി കേന്ദ്രങ്ങൾ, വലിയ മലയോര പ്രദേശങ്ങൾ എന്നിവയിൽ സേവനം അനുഷ്ഠിക്കുന്ന ഡോക്ടർമാർക്ക് ഒരു പ്രത്യേക വെയിറേജ് കൊടുക്കുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അതാണ് പറഞ്ഞത്, ഇപ്പോൾ വെയിറേജ് കൊടുക്കുന്നത് റൂറൽ ഏരിയാകളിൽ വർക്ക് ചെയ്യുന്നവർക്കാണ്. ഈ റൂറൽ ഏരിയാകളിൽ ഉള്ള ഇ. എസ്. ഐ. കളിൽ ജോലിചെയ്യുന്നവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് 5 മുതൽ 10 ശതമാനംവരെ വെയിറേജ് കൊടുക്കുന്നത്.

ശ്രീ. വി. ഈച്ചരൻ: എം. ഡി. കോഴ്സിന്റെ സെലക്ഷനിൽ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് സംവരണം ഇല്ലേ, ഉണ്ടെങ്കിൽ എത്ര ശതമാനമാണ് ഉള്ളത്?

ശ്രീ. കെ. പി. പ്രഭാകരൻ: മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് സെലക്ഷൻ എന്നാണ് പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഹരിജനങ്ങൾക്ക് മുമ്പ് റിസർവേഷൻ ഉണ്ടായിരുന്നത് എന്നുമുതൽക്കാണ് നിർത്തലാക്കിയതെന്ന് പറയാമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മുമ്പ് ഉണ്ടായിരുന്നോ എന്ന് പ്രത്യേകം ചോദ്യം ചോദിച്ചാലേ പറയാൻ സാധിക്കുകയുള്ളു. അതിന്റെ ഫയൽ ഇപ്പോൾ എന്റെ കൈവശമില്ല.

(ചോദ്യം. 763 ചോദിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly